# വ്യവസായ കേരളം

68

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 SEPTEMBER 2024




# സംരംഭങ്ങൾ കുതിക്കുന്നു; കേരളം തിളങ്ങുന്നു

## വ്യവസായ സൗഹൃദാന്തരീക്ഷ പട്ടികയിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടി കേരളം

ആഘോഷത്തിന്റെയും ആരവങ്ങളുടെയും സമ്പത് സമൃദ്ധിയുടെയും ഓണക്കാലത്ത് ആഹ്ലാദത്തിന് മാറ്റ് കൂട്ടാൻ വ്യവസായ സൗഹൃദാന്തരീക്ഷ പട്ടികയിൽ ദേശീയതലത്തിൽ നമ്മുടെ കേരളം ഒന്നാം സ്ഥാനം കൈവരിച്ചിരിക്കുകയാണ്. സംരംഭകമേഖലയിൽ നമ്മുടെ നാട് തിളങ്ങുകയാണ്. എല്ലാവർക്കും സന്തോഷത്തിന്റെയും സമൃദ്ധിയുടെയും നല്ലൊരു ഓണക്കാലം നേരുന്നു.




വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികളും പരിഷ്കാരങ്ങളും നടപ്പാക്കുന്നതിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടി കേരളം. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാനങ്ങൾ സ്വീകരിച്ച നടപടികളും പരിഷ്കാരങ്ങളും അടിസ്ഥാനമാക്കി നടത്തിയ വിലയിരുത്തലിൽ 9 വിഭാഗങ്ങളിൽ കേരളം മുന്നിലെത്തി. 95% ലേറെ മാർക്ക് കരസ്ഥമാക്കിയ ടോപ്പ് പെർഫോർമർ പട്ടികയിൽ ഉൾപ്പെട്ട സംസ്ഥാനങ്ങളിലും കേരളമാണ് ഏറ്റവും മുന്നിൽ. 2024 സെപ്റ്റംബർ 5ന് ന്യൂഡൽഹിയിൽ കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സംസ്ഥാന വ്യവസായ മന്ത്രിമാരുടെ സമ്മേളനത്തിൽ ബഹു. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രി ശ്രീ. പിയൂഷ് ഗോയലാണ് കേരളത്തിന്റെ ചരിത്ര നേട്ടം പ്രഖ്യാപിച്ചത്. ബഹു. കേരള നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന് ബഹു. കേന്ദ്രമന്ത്രി പുരസ്കാരം സമ്മാനിക്കുകയും ചെയ്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ എസ്. ഹരികിഷോർ ഐ എ എസ് എന്നിവർ സന്നിഹിതരയിരുന്നു



വ്യവസായ സൗഹൃദ നിലയിൽ ചരിത്രത്തിലാദ്യമായാണ് കേരളം ഒന്നാമതെത്തുന്നത്. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെയും സംസ്ഥാനങ്ങളുടെ പ്രകടനത്തേയും ആധാരമാക്കി 4 വിഭാഗങ്ങളായി തിരിച്ചാണ് റാങ്കിംഗ് നടത്തിയത്. 95% ലേറെ മാർക്ക് ലഭിച്ച സംസ്ഥാനങ്ങളാണ് ടോപ്പ് പെർഫോർമർ പട്ടികയിൽ ഇടം നേടിയത്. ഇതിൽ 9 മേഖലകളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച കേരളം റാങ്കിംഗിൽ ഒന്നാമതെത്തി. ആന്ധ്രാപ്രദേശ് രണ്ടാമതും ഗുജറാത്ത് മൂന്നാമതുമാണ്. ആന്ധ്രാപ്രദേശിന് 5 ഉം ഗുജറാത്തിന് 3 ഉം മേഖലകളിൽ മികവ് തെളിയിക്കാനാണ് കഴിഞ്ഞത്. ഒട്ടാകെ 30 മേഖലകളിൽ നടത്തിയ വിലയിരുത്തലിൽ 9 മേഖലകളിലും കേരളം ഒന്നാം സ്ഥാനം നേടി 'ടോപ്പ് പെർഫോർമർ ' ആയി എന്നതാണ് ശ്രദ്ധേയം. ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത, ഗതാഗത സൗകര്യങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ കാര്യക്ഷമത തുടങ്ങിയ മേഖലകളിലാണ് കേരളം ഒന്നാമത് എത്തിയത്.

### 30 മേഖലകളിൽ നടത്തിയ വിലയിരുത്തലിൽ 9 മേഖലകളിലും കേരളം ഒന്നാം സ്ഥാനം നേടി 'ടോപ്പ് പെർഫോർമർ ' ആയി

കഴിഞ്ഞ തവണ നടത്തിയ വ്യവസായ സൗഹൃദ റാങ്കിംഗിൽ 28 ൽ നിന്ന് കേരളം 15 ആം സ്ഥാനത്തേക്ക് വലിയ മുന്നേറ്റം നടത്തിയിരുന്നു. ആ സ്ഥാനത്തു നിന്നാണ് ഇപ്പോൾ ഒന്നാം നിരയിലേക്ക് എത്തുന്നത്. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ചീഫ് സെക്രട്ടറി എന്നിവർ കൂടി പങ്കെടുത്ത് നടത്തിയ അവലോകനങ്ങൾ പുതിയ നേട്ടം കൈവരിക്കാൻ സഹായകമായതായി ബഹു. വ്യവസായ മന്ത്രി ശ്രീ. പി രാജീവ് പറഞ്ഞു. വിവിധ വകുപ്പുകൾ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ, സംരംഭക സംഘടനകൾ എന്നിവർ ചേർന്നു നടത്തിയ കൂട്ടായ ശ്രമത്തിന്റെ ഫലമാണ് ഇതെന്നും കേരളത്തിന്റെ നേട്ടം സംരംഭക ലോകത്തിനും ഓരോ മലയാളിക്കും അഭിമാനിക്കാൻ വകയുള്ളതാണെന്നും ബഹു. മന്ത്രി പറഞ്ഞു.




# കേരളത്തിൽ എംഎസ്എംഇ മേഖലയ്ക്ക് അനുകൂലമായ സാഹചര്യം

വൻകിട വ്യാവസായിക പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, കുറഞ്ഞ ഭൂമി ആവശ്യമുള്ളതും പരിസ്ഥിതി സൗഹൃദവുമായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) കേരളത്തിൽ അനുകൂലമായ സാഹചര്യമാണെന്ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. രാജ്യത്തുടനീളമുള്ള എംഎസ്എംഇകളെ വർധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയം നടപ്പാക്കുന്ന ലോകബാങ്ക് പിന്തുണയുള്ള റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എംഎസ്എംഇ പെർഫോമൻസ് (റാംപ്) പരിപാടിയുടെ സംസ്ഥാനതല റോൾഔട്ട് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

"വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ പോലെ, സംസ്ഥാനത്തിന്റെ വ്യാവസായിക പരിതസ്ഥിതിയിൽ എംഎസ്എംഇ മേഖലയ്ക്കും നിർണായക പങ്കുണ്ട്. റാംപിന് എംഎസ്എംഇ മേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്നും പദ്ധതിയുടെ ഭാഗമായി കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റ് എംഎസ്എംഇ ഇക്കോസിസ്റ്റം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വിനിയോഗിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു. 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന ആഗോള നിക്ഷേപ ഉച്ചകോടിക്ക് മുന്നോടിയായുള്ള റൗണ്ട് ടേബിൾ മീറ്റിംഗുകൾ, റോഡ് ഷോകൾ തുടങ്ങിയ പരിപാടികളിൽ എംഎസ്എംഇ മേഖലയ്ക്ക് പ്രാധാന്യം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിവിധ മേഖലകളിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനൊപ്പം സംസ്ഥാനത്തെ എംഎസ്എംഇ മേഖലയെ കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ റാംപ് പദ്ധതി സഹായിക്കുമെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. റാംപ് പദ്ധതിയിൽ നിന്ന് ലഭിച്ച 107 കോടി രൂപയുടെ ഗ്രാന്റ്, എംഎസ്എംഇകളുടെ പ്രവർത്തനങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേന്ദ്ര എംഎസ്എംഇ മന്ത്രാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ. കെ. ആർ. രാജേശ്വരി, റാമ്പിന്റെ നാഷണൽ പിഎംയു ഹെഡ് ഡോ. മിലൻ ശർമ്മ എന്നിവർ റാമ്പിനെക്കുറിച്ച് അവതരണങ്ങൾ നടത്തി.

കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികൃഷ്ണൻ ആർ., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർമാരായ ശ്രീ. രാജീവ് ജി., ഡോ. കെ. എസ്. കൃപകുമാർ എന്നിവരും സംസാരിച്ചു. കേരളത്തിൽ റാമ്പ് പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഷബീറും, കേരള വ്യാവസായിക നയത്തെക്കുറിച്ച് ശ്രീ പ്രേംരാജ് പിയും അവതരണങ്ങൾ നടത്തി.

### കളമശ്ശേരി കാർഷികോത്സവം 2.0ൽ

## നിറ സാന്നിധ്യമായി പിഎംഎഫ്എംഇ, ബാംബൂ മിഷൻ സ്റ്റാളുകൾ





കൃഷിക്കൊപ്പം കളമശ്ശേരി കാർഷികോത്സവം 2.0ൽ നിറ സാന്നിധ്യമായി പി.എം.എഫ്.എം.ഇ, സംസ്ഥാന ബാംബൂ മിഷൻ സ്റ്റാളുകൾ. കളമശേരി ചാക്കോളാസ് പവിലിയനിൽ 2024 സെപ്റ്റംബർ 7 മുതൽ 13 വരെ വൈവിധ്യങ്ങളുടെ കാഴ്ചയൊരുക്കിയാണു കാർഷികമേളയായ 'കാർഷികോത്സവം' സംഘടിപ്പിച്ചിട്ടുള്ളത്. ഇതോടൊപ്പം വ്യവസായ പ്രദർശനവും ഭക്ഷ്യമേളയും സംഘടിപ്പിച്ചു . ഇവയോടനുബന്ധമായാണ് പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) പദ്ധതിയുടെ ഗുണഭോക്താക്കളുടെയും കേരള സംസ്ഥാന ബാംബൂ മിഷന് കീഴിലെ കരകൗശല വിദഗ്ധന്മാരുടെയും സ്റ്റാളുകൾ കെ - ബിപ്പ് മുഖേന ഒരുക്കിയത്.

ഭക്ഷ്യ സംസ്കരണ മേഖലയിലെ 15 പിഎംഎഫ്എംഇ പദ്ധതി ഗുണഭോക്താക്കളും മുള മേഖലയിലെ 6 വ്യക്തിഗത യൂണിറ്റുകളും ആണ് കാർഷികോത്സവത്തിൽ പങ്കെടുത്തത്. കാർഷികോത്സവത്തിലെ ഉൽപ്പന്ന വൈവിധ്യത കൊണ്ട് ഈ സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.

# മലയാളികൾക്ക് തൊഴിൽ കിട്ടുന്ന സംരംഭങ്ങൾക്കാണ് മുൻഗണന

### ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ്

മലയാളികൾക്ക് തൊഴിൽ ലഭിക്കുന്ന സംരംഭങ്ങൾക്കാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നതെന്ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. കെഎസ്ഐഡിസി 2024 സെപ്തംബർ 2ന് കൊച്ചിയിൽ സംഘടിപ്പിച്ച ഭക്ഷ്യസംസ്ക്കരണ - സാങ്കേതിക മേഖലയ്ക്കായുള്ള കേരള ഫുഡ്ടെക് കോൺക്ലേവ് 2024 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.




വൻകിട ഉത്പാദന വ്യവസായത്തിൽ കേരളത്തിന് അവസരങ്ങൾ ഇല്ലെന്ന യാഥാർത്ഥ്യം അംഗീകരിച്ചു കൊണ്ടു തന്നെ ഭക്ഷ്യസംസ്ക്കരണ - സാങ്കേതിക മേഖലയിൽ എംഎസ്എംഇകളെ പരമാവധി പ്രോത്സാഹിപ്പിച്ചു നമ്മുടെ നാട്ടുകാർക്ക് പരമാവധി തൊഴിലവസരം നൽകുകയെന്നതിനാണ് മുൻഗണനയെന്ന് ബഹു. മന്ത്രി പറഞ്ഞു. സൂക്ഷ്മ ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകളുടെ കാര്യത്തിൽ കേന്ദ്രസർക്കാർ നൽകിയ ലക്ഷ്യത്തിനപ്പുറത്തേക്ക് പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) പദ്ധതിയിൽ കേരളം കൈവരിച്ചിട്ടുണ്ടെന്ന് ബഹു. മന്ത്രി ചൂണ്ടിക്കാട്ടി.

വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. യോഗത്തിൽ അധ്യക്ഷത വഹിച്ചു. എംഎസ്എംഇകൾക്ക് നൽകുന്ന വിവിധ പദ്ധതികളെക്കുറിച്ചും സഹായങ്ങളെക്കുറിച്ചും കെഎസ്ഐഡിസി എംഡിയും വ്യവസായ വകുപ്പ് ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്. സ്വാഗത പ്രസംഗത്തിൽ വിശദീകരിച്ചു. കെഎസ്ഐഡിസി ചെയർമാൻ ശ്രീ. പോൾ ആൻറണി ഐ.എ.എസ്. (റിട്ട.), എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ ഹരികൃഷ്ണൻ എംപിഇഡിഎ വൈസ് ചെയർമാനും ബേബി മറൈൻ ഇൻറർനാഷണൽ മാനേജിംഗ് പാർട്ണറുമായ ശ്രീ. അലക്സ് കെ നൈനാൻ തുടങ്ങിയർ സംസാരിച്ചു. ഭക്ഷ്യസംസ്ക്കരണത്തിലെ സുസ്ഥിര ശീലങ്ങളും നൂതനത്വവും എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു. ഏറ്റവുമധികം നൂതനത്വത്തിന് സാധ്യതയുള്ള മേഖലയാണ് ഭക്ഷ്യസംസ്ക്കരണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.